**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2738300**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**KERALA WATER AUTHORITY**

**Jalabhavan**
**Thiruvananthapuram – 695033**
**Kerala - India**

KWA-JB/5897/2023-E6(B) Estt 02-09-2024

# സർക്കുലർ

വിഷയം : കെ ഡബ്ല്യൂ എ:വിജിലൻസ്:2023 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക SPARK മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച് : -

സൂചന:

1.1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ ചട്ടം 37, 39 .
2. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം (ഭേദഗതി) - 2010.
3.കേരള സർക്കാർ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി)വകുപ്പ് സർക്കുലർ നമ്പർ ഉപ സി 2 / 219 / 2021 ഇവ തീയതി 04.01.2012.
4.22.08.2012 തീയതിയിലെ 1795/സി2/2012/ വിജി - നമ്പർ സർക്കുലർ.
5.10.12.2020 തീയതിയിലെ 17157/ 1/ 2020കെഡബ്ല്യുഎ നമ്പർ സർക്കുലർ.
6 26. 01.2021 തീയതിയിലെ കെ ഡബ്ല്യു എ / ജെ ബി / ഇ 6 (ബി)/8122 / 2011
സർക്കുലർ
7.ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി വകുപ്പ് സർക്കുലർ നമ്പർ ഉപ.സി 1/ 91 / 2023 - 23.01.2024

8. കേരള വാട്ടർ അതോറിറ്റി സർക്കുലർ നമ്പർ KWA JB 5897/2023-E6(B)Ett തീയതി 01.01.2024.

9.30 . 1 . 2024 തീയതിയിലെ KWA JB 5897/2023-E6(B)Ett നമ്പർ സർക്കുലർ .

10. 24.8.2024 തീയതിയിലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സർക്കുലർ നമ്പർ ഉപ .സി . 1/91/2023-ഉഭപവ

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ ചട്ടം 37,39 പ്രകാരം പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാരും(ഓഫീസ് അറ്റൻ്റൻ്റ് ഉൾപ്പെടെ) ഓരോ വർഷവും ജനുവരി 15ആം തീയതിക്കകം മുൻ വർഷാവസാനത്തിൽ അവരുടെ കൈവശങ്ങളിലോ, അവർക്ക് മറ്റ് ഏതെങ്കിലും അവകാശത്തിലോ ഉള്ള സ്ഥാവര ജംഗമ വസ്തുക്കളും(movable /immovable properties) മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് പത്രിക സമർപ്പിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. വാർഷിക സ്വത്ത് വിവര സമർപ്പിക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന ജീവനക്കാർക്കെതിരെ സർക്കാർ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച് സൂചന 8 മുഖേന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2023 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നതിനും പ്രസ്തുത സർക്കുലർ മുഖേന നിർദേശം നൽകിയിരുന്നു.

2023 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക 2024 ജനുവരി 15 വരെ ഫയൽ ചെയ്യുന്നതിന് കഴിയാതെ പോയ ജീവനക്കാർക്ക് ആയതു ഫയൽ ചെയ്യുന്നതിന് 2024 ഫെബ്രുവരി 05 മുതൽ 14 വരെ പത്ത് ദിവസം സമയം അനുവദിച്ചുകൊണ്ട് ഗവണ്മെൻ്റ് സർക്കുലർ സൂചന 7 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി ജീവനക്കാരിൽ സൂചന 8 പ്രകാരം 2024 ജനുവരി 15 വരെ സ്വത്ത് വിവര പത്രിക ഫയൽ ചെയ്യുവാൻ കഴിയാതെ പോയവർക്ക് ആയത് SPARK സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നതിന് 2024 ഫെബ്രുവരി 05 മുതൽ 14 വരെ പത്ത് ദിവസത്തെ സമയം കൂടി അനുവദിച്ചു സർക്കുലർ പുറപ്പെടുവിച്ചിരുന്നു . (സൂചന 9 )

എന്നാൽ സാങ്കേതിക / വ്യക്തിപരമായ കാരണങ്ങളാൽ 2023 വർഷത്തെ സ്വത്തുവിവരപത്രിക യഥാസമയം സമർപ്പിക്കുവാൻ സാധിച്ചില്ല എന്ന പരാതി ഉയർന്നതിനാൽ പ്രസ്തുത വർഷത്തെ സ്വത്തു വിവര പത്രിക ഇനിയും ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് ആയത് SPARK സോഫ്റ്റ്വെയർ മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നതിന് 2024 സെപ്റ്റംബർ 05 മുതൽ 14 വരെ 10 ദിവസത്തെ സമയം കൂടി അനുവദിച്ചു സൂചന 10 പ്രകാരം ഉത്തരവായിരിക്കുന്നു .

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള ജല അതോറിറ്റിയിൽ 2023 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക സമർപ്പിക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാർ ആയതു വിട്ടുപോയിട്ടുണ്ടെങ്കിൽ ആയതിനു **2024 സെപ്റ്റംബർ 05 മുതൽ 14 വരെ 10 ദിവസത്തെ** സമയം കൂടി അനുവദിച്ചു നൽകുന്നു .

സർക്കാർ നിർദ്ദേശം അനുസരിച്ച്, അതോറിറ്റിയിൽ ജി സ്പാർക്ക് നടപ്പാക്കിയ ശേഷം പ്രതിവർഷ സ്വത്ത് വിവര പത്രിക ജി സ്പാർക്ക് സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയാണ് സ്വീകരിക്കുന്നത്. മറ്റു രീതികളിൽ പ്രതിവർഷ സ്വത്ത് വിവര പത്രിക സ്വീകരിക്കുന്നതല്ല .

(കാരണം കാണിക്കൽ നോട്ടീസിന് മറുപടിയായി സ്വത്ത് വിവര പത്രിക **hard copy** ആയി സമർപ്പിച്ചവരും ആയതു **G SPARK** മുഖേന പുനഃ സമർപ്പിക്കേണ്ടതാണ് . )

**Binu Francis IAS**

**JOINT MANAGING DIRECTOR**

Signed by
Binu Francis
Date: 02-09-2024 15:44:39

പകർപ്പ് :

1. എല്ലാ ജീവനക്കാർക്കും
2. എല്ലാ ഓഫീസ് മേധാവികൾക്കും
3. ഫിനാൻസ് മാനേജർ
4. ജി സ്പാര്ക് പി എം യു , ധനകാര്യ വകുപ്പ് , കേരള സർക്കാർ .
5. ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി .
6. **PA to MD,PA to JMD,PA to TM, CA to CE(HRD&Gl), CA to CE(P&O) PA to FM &CAO, CA to CLO CA to DCE(Gl),DCE(Vig) CA to SR AO , AO (Admin &Estt) AO (Pension &Payslip), SPARK Section. File,SF.**